(ബി) ജനങ്ങളുടെ എതിർപ്പ് ശക്തിപ്പെട്ടതിനെ തുടർന്ന് വ്യവസായ വകുപ്പുമന്ത്രി സ്ഥലത്തെ ജനപ്രതിനിധികളുമായി ഈ പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായോ ;

(സി) ചർച്ചയെ തുടർന്നുണ്ടായ തീരുമാനങ്ങൾക്കനുസൃതമായി എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അത് വിശദമാക്കാമോ ;

(ഡി) ഭരണാനുമതി ലഭിച്ച കമ്പനിയാൽ നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടും വസ്തുതാപരവും ശാസ്ത്രീയവും സാമൂഹ്യപരവുമായ ഒരു പഠനത്തോടുകൂടിയുള്ളതല്ലെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; ഖനനം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും ജനവികാരവും മാനിച്ച് നല്കിയ അനുമതി റദ്ദാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ധാതുമണൽ ഖനനത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ അറ്റോമിക് മിനറൽ ഡിവിഷന്റെ പര്യവേഷണസമയത്തും സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയും പരിശോധിച്ച് നിർദ്ദിഷ്ട ഖനനപ്രക്രിയമൂലം പരിമിതമായ പാരിസ്ഥിതിക പ്രശ്നങ്ങളെ ഉണ്ടാകുകയുള്ളൂ എന്നു സൂചിപ്പിച്ചിട്ടുണ്ട്. ഖനനം മൂലമുള്ള സാമൂഹ്യപരമായ മാറ്റം പ്രദേശത്തിന്റെ വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് ഗുണകരമാണെന്നാണ് കരുതുന്നത്.

(ബി) ചർച്ച ചെയ്യുകയുണ്ടായി.

(സി)ചർച്ചയിലെ തീരുമാനപ്രകാരം ഖനനമേഖലയിൽ ഉണ്ടായേക്കാമെന്ന് ആശങ്ക പ്രകടിപ്പിക്കപ്പെട്ട പാരിസ്ഥിതിക സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ആണ് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചത്. ടി സമിതി ഖനനത്താൽ ഉണ്ടാകാവുന്ന ശാസ്ത്രീയ സാമൂഹിക, പാരിസ്ഥിതിക വസ്തുതകൾ വിലയിരുത്തി വിശദമായ ഒരു റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദിഷ്ടതോതിലുള്ള ഖനനം പരിസ്ഥിതിക്ക് പരിമിതമായ ആഘാതം മാത്രമേ ഉണ്ടാവുകയുള്ളൂ എന്നു വിലയിരുത്തിയിട്ടുണ്ട്.

കടൽ മണൽ ഖനനം

19 (1208) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽമണൽ ഖനനവുമായി ബന്ധപ്പെട്ട ഏതെങ്കിലും പദ്ധതികൾ ജില്ലയിൽ അവതരിപ്പിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ പരസ്യങ്ങൾക്കും മറ്റു ചെലവുകൾക്കും സർക്കാർ ഖജനാവിൽ നിന്നും എന്തുതുക ചെലവായി ;

(ഡി) കടൽ മണൽ ഖനനം സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മുംബൈ ആസ്ഥാനമായുള്ള ക്രൗൺമാരി ടൈം കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനം ആഴക്കടലിൽ നിന്നും മണൽ ഖനനം ചെയ്യാനുള്ള നിർദ്ദേശവുമായി ഒരു പ്രോജക്ട് അവതരിപ്പിച്ചിരുന്നു. മണൽ നിക്ഷേപത്തിന്റെ ലഭ്യതാ തോത് നിർണ്ണയം ചെയ്യുന്നതിനും അതിന്റെ ഖനനസാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനുമാണ് അപേക്ഷ ലഭിച്ചത്.

(സി) സർക്കാർ ഇതിനായി തുകയൊന്നും ചിലവഴിച്ചിട്ടില്ല.

(ഡി) സർക്കാർ ഇക്കാര്യത്തിൽ നിലപാടൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

കൈത്തറി വ്യവസായ മേഖലയിലെ പുതിയ പദ്ധതികൾ

20 (1210) ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൈത്തറി വ്യവസായ മേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന ഗവൺമെന്റ് കൈത്തറി മേഖലയുടെ വികസനത്തിനു വേണ്ടി കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എന്തൊക്കെ പരിപാടികൾ ആവിഷ്ക്കരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ 2001-02 മുതൽ 31-5-2003 വരെ സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly